എ.ഡി.ബി.യിൽ നിന്നും ലഭിച്ച വായ്പ

2 (1054) ശ്രീ. കെ. പി. മോഹനൻ :
ഡോ. എ. നീലലോഹിതദാസൻ നാടാർ :
ശ്രീ. എ. സി. ഷൺമുഖദാസ് :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2002-2003 സാമ്പത്തിക വർഷം എ.ഡി.ബി.-ൽ നിന്നും ഏതെല്ലാം വകുപ്പുകൾക്ക് വേണ്ടി എത്ര കോടി രൂപ വാങ്ങിയെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ വകുപ്പുകൾ ഏതെങ്കിലും പ്രത്യേക ആവശ്യങ്ങൾക്ക് വേണ്ടി ഈ തുക ചെലവഴിക്കണമെന്ന് നിർദ്ദേശം ഉണ്ടായിരുന്നുവോ ;

(സി) എങ്കിൽ അവ ഏതൊക്കെയാണെന്നു വ്യക്തമാക്കാമോ ; എ.ഡി.ബി. വരുന്ന സാമ്പത്തിക വർഷം സാമ്പത്തിക സഹായം നൽകുമോ എന്നു വ്യക്തമാക്കാമോ ;

(ഡി) ഈ തുക തിരിച്ചടയ്ക്കേണ്ട കാലാവധിയും പലിശ നിരക്കും എന്താണെന്നു വ്യക്തമാക്കാമോ ;

(ഇ) കടം ലഭിക്കാൻ സർക്കാർ മൊത്തമായോ വകുപ്പുകൾ പ്രത്യേകമായോ നിബന്ധനകൾ അംഗീകരിക്കേണ്ടി വന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവ എന്താണന്ന് വ്യക്തമാക്കുമോ ?

ഉത്തരം-

(എ) ഗവൺമെന്റിന്റെ ആധുനീകരണത്തിനും, സാമ്പത്തിക പരിഷ്ക്കാരങ്ങൾക്കുമായി 2002-03 സാമ്പത്തിക വർഷം 601.03 കോടി രൂപ വായ്പയായി ലഭിച്ചിട്ടുണ്ട്.

(ബി) അനുബന്ധം 1-ൽ കൊടുത്തിട്ടുള്ള 'പ്രോഗ്രാം ഇംപ്ലിമെന്റേഷൻ കോസ്റ്റ്' അനുസരിച്ചാണ് തുക ചെലവഴിക്കേണ്ടത്.

(സി) ഈ സാമ്പത്തിക വർഷവും (2003-04) എ. ഡി. ബി. യിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) എ.ഡി.ബി.-ൽ നിന്നും കേന്ദ്ര സർക്കാർ വഴി ലഭിക്കുന്ന ലോണിന്റെ തിരിച്ചടവ് കാലാവധി 20 വർഷമാണ്. നിലവിലുള്ള വ്യവസ്ഥകളനുസരിച്ച് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് നൽകേണ്ട പലിശ നിരക്ക് 10.5 ശതമാനമാണ്.

(ഇ) കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും എ.ഡി. ബി.യുമായി ഒപ്പു വെച്ചകരാറുകളിലെ വ്യവസ്ഥകൾ അനുസരിച്ചാണ് വായ്പ ലഭ്യമായിട്ടുള്ളത്, അനുബന്ധം-2-ൽ കൊടുത്തിട്ടുള്ള പോളിസി മാട്രിക്സിൽ ഇതിന്റെ വിശദാംശം കാണാവുന്നതാണ്.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly